

# മഴയിൽ കുതിരാത്ത വാക്കുകൾ




## ഡിജിറ്റൽ മാഗസിൻ

**2023-24**

**ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്**

**ഗവ.ഹൈസ്കൂൾ തച്ചങ്ങാട്, കാസറഗോഡ്**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ
കെ.എം.ഈശ്വരൻ

## സ്റ്റാഫ് എഡിറ്റർ
സജിത പി

## സ്റ്റുഡന്റ് എഡിറ്റർ
അവന്തിക ഉദയഭാനു

## അംഗങ്ങൾ
ഗംഗാധരൻ വി
അഭിലാഷ് രാമൻ
പ്രഭാവതി പെരുമാന്തട്ട
സുനിമോൾ ബളാൽ
ഗീത കുടജാദ്രി
വൈഷ്ണവി എൻ
ആദിൽ വിനോദ്
നിവേദ്യ കെ എസ്
ശ്രീഹരി എം
അക്ഷര കെ
സൂര്യദേവ് വി








# എഡിറ്റോറിയൽ

സ്നേഹമുള്ളവരെ,

തച്ചങ്ങാട് ഗവ ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ നേതൃത്തിൽ പ്രസീദ്ധീകരിക്കുന്ന നാലാമത്തെ ഡിജിറ്റൽ മാഗസിനാണ് മഴയിൽ കുതിരാത്ത വാക്കുകൾ..പുതിയ കാലത്തെ എഴുത്ത് ഏറ്റവും ജാഗ്രത വേണ്ട സർഗ്ഗാത്മക പ്രവർത്തനമാണെന്ന് പലരും പറഞ്ഞു പോയിട്ടുണ്ട്.... ഭയം എന്ന ഉൾവിളിക്കും പിൻവിളിക്കും കീഴ്പെട്ടുപോകുന്ന ഒരു ജനതയുടെ വെളിപാടുകൂടിയാണ് അത്... പലതരം ഭയം ഒരു സമൂഹത്തെ മുഴുവൻ കാർന്നു തിന്നുമ്പോഴാണ് ഏറ്റവും സംർഗ്ഗാത്മകമായി, ഭയരഹിതമായി കുഞ്ഞുങ്ങൾ എഴുതുന്നത്,പാടുന്നത്,വരയ്ക്കുന്നത്,നൃത്തം വയ്ക്കുന്നത്...അതിനുള്ള ഇടമാണ് മാനവികതയുടെ ഭൂമികയായ ഈ കലാലയം.ഈ ഡിജിറ്റൽ മാഗസിൻ ഭയത്തെ മാറ്റി നിർത്തി ജീവിതത്തെ ചേർത്ത് നിർത്തുന്നു... കഥയും കവിതയും വരയും ലേഖനവും ഭയരഹിതമായ ജീവിതത്തെ പകർത്തുന്നു... ആശങ്കയും ആകുലതയും ഉണ്ടെങ്കിലും എഴുത്തിൽ കുഞ്ഞുങ്ങൾ കാണിക്കുന്ന ആവിഷ്ക്കാര സ്വാതന്ത്ര്യം ചില പ്രതിരോധം കൂടിയാണ്.. സ്വപ്നങ്ങളെ എങ്ങനെയാണ് പ്രായോഗികമാക്കേണ്ടതെന്ന സൂക്ഷ്മദർശനം കൂടിയുണ്ട് കുഞ്ഞുങ്ങളുടെ സൃഷ്ടിയിൽ.. "മഴയിൽ കുതിരാത്ത വാക്കുകൾ" എന്ന ഡിജിറ്റൽ മാഗസിന് വേണ്ടി സഹായിച്ച,സഹകരിച്ച എല്ലാം നല്ലമനസിനെയും ഓർക്കുന്നു..

സ്നേഹത്തോടെ
സ്റ്റാഫ്എഡിറ്റർ
സ്റ്റുഡന്റ്എഡിറ്റർ



# ഉള്ളടക്കം


1.കവിതകൾ

| | | |
|---|---|---|
| കാറ്റ്, പച്ചപ്പ് | ദിയ പി | 6 |
| നേര്, പിറവി | സാന്ദ്ര ചന്ദ്രൻ | 7 |
| കുതൽ | ദിയ പി | 8 |
| മകൾ | വിജയലക്ഷ്മി | 9 |
| The Flight | അവന്തിക ഉദയഭാനു | 12 |
| കരിവേപ്പില | രവീന്ദ്രൻ ചെമ്പിരിക്ക | 14 |
| മൗനം | സുലോചന കെ പനയാൽ | 17 |
| പൊരുളറിയാതെ | വിജയലക്ഷ്മി | 18 |
| പാലസ്തീനിലെ കുഞ്ഞുങ്ങൾ | സുനിമോൾ ബളാൽ | 20 |
| കുറും കവിതകൾ | സുനിമോൾ ബളാൽ | 21 |
| 2കവിതകൾ | അറഫ | 23 |

2. ചിത്രങ്ങൾ

| | | |
|---|---|---|
| എന്റെ വീട് | ലക്ഷ്മി നന്ദ | 7 |
| | ശിവന്യ ഉമേശൻ | 13 |
| | ലാസ്യ സന്തോഷ് | 15 |
| | നമന്യ രവീന്ദ്രൻ | 15 |

3.കഥകൾ

| | | |
|---|---|---|
| ജാതി | രവീന്ദ്രൻ ചെമ്പിരിക്ക | 16 |
| വയനാടിന്റെ ദുഖം | അഭിനവ് കൃഷ്ണ | 19 |
| പെരുമഴ | സുനിമോൾ ബളാൽ | 22 |

4.ലേഖനം

| | | |
|---|---|---|
| കരുതലോടെ കൈ പിടിക്കാം | ചിത്രലേഖ | 11 |

## രണ്ട് കവിതകൾ

# കാറ്റ്

നമ്മെ ഉണർത്തുന്ന
ഉന്മേഷ പൂരിതമാക്കുന്ന
തഴുകിയെത്തും
തലോടും കാറ്റ്
പുതു ലോകത്തിലേക്ക് നയിക്കുന്ന
നല്ല ചിന്തകൾ
നല്ല സ്വപ്നങ്ങൾ
പറയുന്ന പരർ തൻ സന്തോഷം
അതാണെന്റെയും ആനന്ദം

തലോടും കാറ്റ്
പുതു ലോകത്തിലേക്ക് നയിക്കുന്ന
നല്ല ചിന്തകൾ
നല്ല സ്വപ്നങ്ങൾ
പറയുന്ന പരർ തൻ
സന്തോഷം
അതാണെന്റെയും ആനന്ദം



ദിയ പി

# പച്ചപ്പ്

ഞാൻ ജനിച്ചതാണീ മമണ്ണിൽ
ഞാൻ ജനിച്ച മണ്ണാണ് സ്വർഗം
ഞാൻ ജനിച്ച മണ്ണെനിക്ക്
പകരം വയ്ക്കാനില്ലാത്തതാണ്.
ഞാൻ ജനിച്ച മണ്ണെനിക്ക്
മാതാ പിതാ ഗുരുക്കളാണ്.

# പിറവി

മരങ്ങളെവേർപിരിഞ്ഞു പോകാൻ പറ്റാത്ത
കൈകളെ പോലെ ഭൂമിയിലേക്ക് ഉറപ്പിക്കുന്ന വേരുകളും ....
കൃഷ്ണമണിയെ തെന്നി വീഴാതെ പിടിക്കുന്ന ഈ രണ്ട് കണ്ണുകളും....
കണ്ണിനെ ഒരു പോറലും ഏൽപ്പിക്കാതെ
കാത്തുസൂക്ഷിക്കുന്ന കൺപോളകളും....
അഞ്ചു വിരലുകളെ കൈകളാൽ യോജിപ്പിക്കുന്ന ഞരമ്പുകളെയും
നിങ്ങൾ വീക്ഷിക്കാറുണ്ടോ ?
നമ്മൾ ഓരോരുത്തരെയും പൊതിഞ്ഞു സംരക്ഷിക്കാൻ ആരുണ്ട് ?
മനുഷ്യരേ നിങ്ങൾ ഓർക്കുക..
സ്വന്തം ഉദരത്തിൽ നിന്ന് അസ്ഥികൾ ഒടിയുന്ന വേദനയിൽ അവൾ
ആ ചോരകുഞ്ഞിന് ജന്മം നൽകി .....
അങ്ങനെ നമ്മൾ ഈ ഭൂമിയിലേക്ക് ജന്മം കൊണ്ടു ....
ആ കുഞ്ഞു മുഖം കാണാനും
അവരുടെ കയ്യിൽ അങ്ങനെ കോരിയെടുക്കാനും
കാത്തിരുന്ന നാളുകൾ
അച്ഛനും അമ്മയ്ക്കും മാത്രമേ അറിയുള്ളൂ ...



സാന്ദ്ര ചന്ദ്രൻ

# നേര്

എൻ പ്രിയ കൂട്ടരേ
ബാല്യകാലത്തിൽ
ഊന്നിപ്പിടിക്കേണം നേര് .....
അതിടാറാതെ പതറാതെ
മനസ്സിൽ എന്നും കാത്തീടേണം....
നമ്മുടെ വഴികളോരോന്നും
നേരിൽ മാത്രമാകേണം..
അതെന്നും നമ്മുടെ
ലക്ഷ്യവും സ്വപ്നവും സഫലമാകും....
"നേര്" എന്ന വാക്കിനു അന്വർഥമാക്കി
നാം...
നേരിനും നേരായി വളർന്നിടേണം....
ഉയർന്നിടേണം.

# എന്റെ വീട്





**ലക്ഷ്മി നന്ദ**

# കവിത

# കരുതൽ

മഞ്ഞിൽ നിന്നും
മഴയിൽ നിന്നും
വെയിലിൽ നിന്നും
സംരക്ഷിക്കാൻ
നാം നിർമ്മിക്കും വീട്
കിളി നിർമ്മിക്കും കൂട്
ശത്രുവിൽ നിന്നും രക്ഷ നേടാൻ
കിളികൾക്കുണ്ട് കൂട്
ശത്രുവിൽ നിന്നും രക്ഷ നേടാൻ
നമ്മൾക്കുണ്ട് വീട്.




**ദിയ പി**

കവിത

# മകൾ

മകളെ നിനക്കായ് കുറിച്ചിടട്ടെ
എൻ ഹൃദയരക്തം ബാഷ്പാഞ്ജലി.
ഒരു കുഞ്ഞുദളമായ് വിടർന്നു നിന്നു
ഒരു ചെറു തുമ്പിയായ് പാറിവന്നു
മനതാരിൽ സാന്ത്വനമേകീടും നിൻ –
പുഞ്ചിരിയെങ്ങോ മറഞ്ഞുപോയി.
ഉണരൂ പ്രിയസൂര്യകാന്തി
എന്നോതിയ കവി
തൻവാക്കുകൾ
സിരകളിലഗ്നിയായ്
ആർത്തലച്ചീടുന്ന
തിരമാലയായ് വന്നടുക്കുമ്പോൾ
പറഞ്ഞീടട്ടെ
മകളേ മാപ്പ്..
ഇന്നുമൊരു പിൻവിളിയായ്
തുടരുകയാണോ ഈ യാത്ര
നടന്ന വഴികൾ, നടക്കാത്ത വഴികൾ,
നടന്നുതീർക്കാനുള്ള വഴികൾ
അവിടെയെല്ലാം ഒരു മകൾ ഉണ്ട്
മറക്കരുത്.





**വിജയലക്ഷ്മി**
**ടീച്ചർ**

### ലേഖനം

# കരുതലോടെ കൈ പിടിക്കാം

നമ്മൾ ചിന്തിച്ചിട്ടുണ്ടോ അവർ നമുക്ക് ആരായിരുന്നുവെന്ന് ?!! അവർ എത്ര കഷ്ടപ്പെട്ടാണ് നമ്മളെ വളർത്തിയതെന്ന് ?!!

ആയുസ്സ് മുഴുവൻ മക്കൾക്ക് വേണ്ടി മാറ്റിവെച്ച അവർക്ക് നമ്മൾ എന്താണ് തിരികെ നൽകുന്നത് എന്ന് എപ്പോഴെങ്കിലും ആരെങ്കിലും



ഈ അടുത്ത കാലത്താണ് ഒരു വൃദ്ധാമന്ദിരം സന്ദർശിക്കാൻ ഇടയായത്. അവിടെവെച്ച് ഒരു ടീച്ചറെ ഞാൻ പരിചയപ്പെട്ടു. അവർ ആ അഭയ കേന്ദ്രത്തിൽ എത്തിയിട്ട് രണ്ടുവർഷം ആകുന്നു. അവർക്ക് രണ്ടു മക്കളുണ്ട്, അജിതയും അഭിമന്യുവും. (സാങ്കല്പികം) അവരെല്ലാവരും താമസിക്കുന്നത് വിദേശത്താണ്. ടീച്ചറുടെ ഭർത്താവ് മരണപ്പെട്ടു. അതിനുശേഷം ശരിക്കും ഒറ്റപ്പെട്ട ടീച്ചറെ അവസാന സമയത്ത് മക്കൾ എത്തിച്ച സ്ഥലമാണിത്. മക്കൾ അമ്മയ്ക്കായി ഒരുക്കിയ വീട്. മക്കളെ വളർത്തി ഉന്നത വിദ്യാഭ്യാസം നൽകി നല്ല നിലയിൽ വിവാഹം കഴിപ്പിച്ച് ജീവിതം ഭദ്രമാക്കിക്കൊടുത്തതിന് അവർ നൽകിയ പാരിതോഷികം!!!ആ അമ്മ ഇന്ന് ഏറെ  അവശതയിലാണ്. ഒരു നോക്ക് കാണാൻ പോലും മക്കൾ അടുത്തില്ല.

എന്നെ കണ്ടിട്ട് ആകണം ആ അമ്മയുടെ കണ്ണുകൾ വിടർന്നു. അമ്മ എന്നെ അടുത്തേക്ക് വിളിച്ച സ്നേഹത്തോടെ തലോടി നെറ്റിയിൽ ഒരു ഉമ്മ വച്ചു. "എന്റെ മോളെ പോലെ ആണല്ലോ നീ, അജിതയുടെ അതേ ചിരി. അവളെ നിനക്കറിയാമോ" "ഞാൻ കണ്ടിട്ട് കുറേ നാളുകളായി നീ കണ്ടുവോ

അവളെ?!!

മകളെ കുറിച്ച് അറിയാനുള്ള അമ്മയുടെ ആകാംക്ഷ ആ മുഖത്ത് നിന്ന് വായിച്ചെടുക്കാം. അത് എന്നെ ഏറെ സങ്കടപ്പെടുത്തി. മക്കളോടുള്ള സ്നേഹവും വാത്സല്യവും ഞാൻ ആ അമ്മയുടെ കണ്ണുകളിൽ കണ്ടു. നിസ്സഹായതയോടെ നോക്കി നിൽക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ!!! അമ്മയെ ചേർത്തുപിടിച്ച് ആ നെറുകയിൽ ഒരു ഉമ്മ കൊടുത്ത് ഞാൻ അവിടെ നിന്നും ഇറങ്ങി.

മാതാപിതാക്കളോട് നമുക്ക് കടമകളുണ്ട്. എല്ലാ മതങ്ങളും വേദങ്ങളും നമ്മെ അത് പഠിപ്പിക്കുന്നു. "മാതാപിതാഗുരു ദൈവം" എന്ന് വിദ്യാലയങ്ങളിൽ നിന്നും നമ്മൾ പഠിക്കുന്നുണ്ടെങ്കിലും എത്രപേർ അത് പ്രാവർത്തികമാക്കുന്നുണ്ട്  എന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. നമ്മളെ വളർത്തുന്നതിനും പരിപാലിക്കുന്നതിനും അവർക്ക് ഒന്നും തിരികെ നൽകേണ്ട. ശിഷ്ടകാലം അവരെ വേദനിപ്പിക്കാതെ ചേർത്തു പിടിക്കുക.

മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹം പകരം വയ്ക്കാനാവാത്തതാണ്. അവരാണ് നമ്മുടെ ഊർജ്ജവും ശക്തിയും. മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകി, അവരെ വളർത്തി വലുതാക്കി സ്വയം പ്രാപ്തരാക്കിയ ശേഷം മാതാപിതാക്കളെ വേണ്ടാതാകുന്ന

അവസ്ഥ പലപ്പോഴും ഉണ്ടാകുന്നു! കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും അവഗണന നേരിടുന്നവർക്കും "മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും" എന്ന നിയമം 2007ൽ നിലവിൽ വന്നിട്ടുണ്ട്. ഇത് പ്രകാരം മാതാപിതാക്കളെ സംരക്ഷിക്കത്തവർക്ക് നിയമപരമായ ശിക്ഷയും ലഭിക്കും.

15 കോടിയിലധികം തുക ചെലവഴിച്ച് കൊല്ലം ജില്ലയിലെ പത്തനാപുരത്ത് ഗാന്ധിഭവനിലെ അമ്മമാർക്ക് വേണ്ടി ബഹുനില കെട്ടിടം പണിതു നൽകിയ എം എ യൂസഫലി ഗാന്ധിഭവൻ സന്ദർശിച്ചപ്പോൾ പറഞ്ഞ വാക്കുകൾ നമ്മെ ഏവരെയും വേദനിപ്പിക്കും. ഞാൻ 15 കോടി മുടക്കി സ്ഥാപനം വിശാലമാക്കി തന്നത് മക്കളേ.. നിങ്ങൾക്ക് മാതാപിതാക്കളെ എറിഞ്ഞു തള്ളാൻ അല്ല. മറിച്ച് ഇവിടെയുള്ളവർക്ക്, ഇവിടെ വന്നപ്പെട്ടവർക്ക് സൗകര്യമൊരുക്കുക മാത്രമാണ് ചെയ്തത്. യൂസഫലിയുടെ ആദ്യ സന്ദർശനത്തിൽ അവിടെ ഉണ്ടായിരുന്നവരിൽ 15 പേർ വിവാഹം കഴിക്കാത്തവർ. ബാക്കിയെല്ലാവരും മക്കൾ ഉപേക്ഷിച്ചു പോയവർ. അവരുടെ ജീവിത സായന്തനത്തിൽ എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചു കഴിയണമെന്ന് ചിന്തയാണ് യൂസഫലിയെ ഇത്രയും കോടി മുടക്കാൻ പ്രേരിപ്പിച്ചത്

ഓരോ പിഞ്ചുകുഞ്ഞിൻ്റേയും മനസ്സിനെ മാതാപിതാക്കളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരാക്കാൻ അധ്യാപകർക്കും ഒരു നല്ല പങ്കുവയ്ക്കാൻ കഴിയും. ഇനി ഒരു മാതാപിതാക്കൾക്കും അഗതിമന്ദിരത്തിലേക്കോ വൃദ്ധമന്ദിരത്തിലേക്കപോകാൻ ഇട വരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് പ്രതിജ്ഞ എടുക്കാം.



ചിത്രലേഖ



POEM

# THE FLIGHT

I don't know where I belong
But when I opened my eyes
I saw the sunrise
The fields were shining like a emerald
It was a sight to see
Jewels full of grace,
As the sun embrace

I fluttered my wings
Launching like a rocket to the sky
I felt quiet dry,
As I sang a song...
That went on all day long

As I was passing by
It caught my sight...

I went down like a leaf
And drank through my beak
I was feeling weak,
As I sat down in a tree,
I could feel the could breeze,

They were playing with my feather
It was a ming weather

The breeze carried the faint smell of flowres
As a ocean of flowers stretched next to me
It covered my vision
As if it were it's mission
The whole ocean seemed orange,
The sun was almost gone
So, I flew in the dawn
Hoping to be here,
At the begining of next year.



അവന്തിക ഉദയഭാനു





ശിവന്യ ഉമേശൻ

ജി.എച്ച്.എസ് തച്ചങ്ങാട്

# കവിത

## കറിവേപ്പില



എടുത്തുകളയാൻ
എളുപ്പമാണ്,
ആ കുടിച്ചേരലിൽ
പൊട്ടിത്തെറിച്ചത്
എന്നോടായിരുന്നു........
തന്നുസരിച്ച്
ആ വലിയ വീടിന്റെ മുറ്റത്തിന് പുറത്ത് വന്നു നിന്നു.
ആ സ്ത്രീ പറയുന്നത് കേൾക്കാം,
രാമന്റെ മോൻ.....
അകത്തുനിന്ന് പരുക്കൻ ശബ്ദത്തിൽ അയാൾ പറഞ്ഞു,
പുറത്തു നിൽക്കാൻ പറ
അകത്തു കയറ്റേണ്ട.......



**രവീന്ദ്രൻ ചെമ്പിരിക്ക**





ലാസ്യ സന്തോഷ്






നമന്യ രവീന്ദ്രൻ

# ചെറുകഥ

## ജാതി

അപകടത്തിൽപ്പെട്ട ഒരാളുമായി നഗരത്തിലെ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേക്ക് ആംബുലൻസ് ചീറി പാഞ്ഞുവന്നു.അകത്തു തന്റെ പ്രിയതമന്റെ ജീവന് വേണ്ടി നിലവിളിക്കുന്ന സ്ത്രീ. അവർ ഇറങ്ങുമ്പോൾ അപരിചിതർക്കിടയിൽ പരിചിത മുഖം തിരയുന്നതായി എനിക്ക്തോന്നി.ആസ്ത്രീയെഎനിക്ക്പരിചിതമാണ്.

അച്ഛന്റെ കൂടെ ഒരുപാട് പ്രാവിശ്യം ഞാൻ അവരുടെ തൊടിയിൽ ജോലിചെയ്തിരുന്നു.തീവ്ര പരിചരണം വിഭാഗത്തിലേക്ക് കയറ്റും മുമ്പായി നേഴ്സ് പറയുന്നത് കേട്ടു, ചോര ഒരുപാട് പോയിട്ടുണ്ട്, ചോര വേണ്ടിവരും. കുറച്ച് സമയത്തിന് ശേഷം വേറൊരു നേഴ്സ് വന്നു പറഞ്ഞു ബി പോസിറ്റീവ് ചോര പെട്ടന്ന് വേണം.ഞാൻ ബ്ലഡ് ബാങ്കിനെ ലക്ഷ്യമാക്കി നടന്നു, "ഞാനും ഒരു ബി പോസറ്റീവ് ആണ്......, മാസങ്ങൾക്ക് ശേഷം അച്ഛൻ പറഞ്ഞതനുസരിച്ച്ആ വലിയ വീടിന്റെ മുറ്റത്തിന് പുറത്ത് വന്നു നിന്നു.ആ സ്ത്രീ പറയുന്നത് കേൾക്കാം,
രാമന്റെ മോൻ..... അകത്തുനിന്ന് പരുക്കൻ ശബ്ദത്തിൽ അയാൾ പറഞ്ഞു,പുറത്തു നിൽക്കാൻ പറ അകത്തു കയറ്റേണ്ട........





**രവീന്ദ്രൻചെമ്പിരിക്ക**

# കവിത

## മൗനം

ഇരുളിനെ പ്രണയിച്ച്
ഒരു വിഷാദരോഗിയുടെ വിഭ്രാന്തിയിൽ
രാത്രിയുടെ മറവിൽ
ഒന്ന് തനിച്ചിരിക്കണം.
പഴകിയ ഓർമ്മകളെ ഒന്ന് തൊട്ടുണർത്തണം.
മനസ്സിൽ ആഴ്ന്നിറങ്ങിയ
സ്നേഹ നൊമ്പരങ്ങളെല്ലാം
രൗദ്രഭാവംപൂണ്ട തിരമാലകളെപോലെ
ആഞ്ഞടിച്ച് വറ്റിവരണ്ട മിഴികോണുകളിൽ
കണ്ണുനീർത്തുള്ളികൾ പൊടിഞ്ഞ്
വീണ്ടുമൊരു ജന്മമുണ്ടെങ്കിൽ
ആ സ്നേഹനൊമ്പരങ്ങളെ സ്വന്തമാക്കാം.
എനിക്കെന്നും സ്വന്തമായിരുന്ന മൗനം
ഒരു വിലാപഗീതമായ് തീർന്നു.



**സുലോചന കെ**
**പനയാൽ**

# കവിത

## പൊരുളറിയാതെ

അക്ബറും സീതയും ആയിരുന്നു.
അവർ മതത്തിന്റെ ചങ്ങലയിൽ ബന്ധിതരായിരുന്നില്ല.
പേരിലെന്തർത്ഥമെന്നു ചോദിച്ച നാളുകളിൽ
അവർ എന്നും ഒന്നിച്ചായിരുന്നു.
തിമിരം ബാധിച്ച കണ്ണുകൾ പറയുകയാണ്
അവർ അക്ബർ, സീത
ഒന്നിക്കണോ?
എല്ലാ പുഴയും ചേരുന്ന സമുദ്രം-
മനുഷ്യത്വം അതിനെപ്പറ്റി വാതോരാതെ പറഞ്ഞു
നമ്മൾ
ഇന്ന് അവരെ വേർതിരിക്കണമെന്ന് പറയുന്നത്
മനുഷ്യജാതിയുടെ പേരിലോ മതത്തിന്റെ പേരിലോ?
അജയ്യനായ ചക്രവർത്തി അക്ബർ

സ്വഭാവ ശുദ്ധിയുള്ള പെൺകുട്ടി സീ
അതിനപ്പുറം... നവഭാരതത്തിന്റെ കുലീന സന്തതികൾ
ഇവിടെ നൽകുന്ന പൊരുൾ താനെന്താണെന്നറിയാതെ
തുടരുന്ന ഈ യാത്ര അന്ധകാര യുഗത്തിലേക്കോ..
ഇത് ഭാരതമോ, ഇന്ത്യയോ, ഭ്രാന്താലയമോ...



**വിജയലക്ഷ്മി**

## മിനിക്കഥ

# വയനാടിന്റെ ദുഃഖം

അമ്മയുടെ വേർപാടിന് ശേഷം മീര ആരോടും മിണ്ടാറില്ല.അവൾ അച്ഛനോട് മാത്രമേ മിണ്ടാറുള്ളൂ.വയനാട് ജില്ലയിലെ മാനന്തവാടി സ്കൂളിലാണ് മീര പഠിക്കുന്നത്. അമ്മ മരിച്ചതിനു ശേഷം സ്കൂളിൽ അവൾ ആരോടും മിണ്ടാറില്ലായിരുന്നു.എന്നാൽ അത് പതിയെ ശരിയായി വരുന്നുണ്ടായിരുന്നു. എന്നത്തേയും പോലെ സ്കൂളിൽ പോയി വരുമ്പോൾ വീടിന്റെ മുൻപിൽ ആൾക്കൂട്ടം. തന്റെ അച്ഛനും ഈ ലോകം വിട്ടു പോയിരിക്കുന്നു. അവൾ ബോധരഹിതയായി. മീരയുടെ അച്ഛൻ കൂലി പണിക്കാരനാണ്. എന്നത്തെയും പോലെ പണി കഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ ഒരു കാട്ടാന ഓടി വന്ന് അയാളെ ചവിട്ടുന്നു. ആ ജീവൻ ആ നിമിഷം നിലയ്ക്കുന്നു. ഇനി മീരയ്ക്കാരുണ്ട്?ആരാണീ വന്യജീവിആക്രമണങ്ങൾക്ക്ഉത്തരവാദി?



**അഭിനവ് കൃഷ്ണ**



# കവിത

## പലസ്തീനിലെ കുഞ്ഞുങ്ങൾ

അച്ഛൻ മരിച്ച കുഞ്ഞുങ്ങൾക്ക്
അമ്മ നൽകിയ
ലോകങ്ങളായിരുന്നു
ചായക്കൂട്ടുകളും വെളുത്ത
കടലാസുകളും ..
തുറന്ന ജയിലിൽ വെള്ളാരം
കണ്ണുകളും വെളുത്തു തുടുത്ത
കൈകളുമുള്ള
അഞ്ചുവയസ്സുകാരൻ തന്റെ
മണ്ണിടങ്ങളെ വിശാലമാക്കി
ലോകം പണിഞ്ഞു കൊണ്ടിരുന്നു.
കുഞ്ഞു കൈയുകൾ ചായക്കൂട്ടിൽ
മുക്കി വെളുത്ത പ്രതലത്തിൽ
വസന്തം വരയ്ക്കുന്ന
മൂന്നുവയസ്സുക്കാരിയുടെ ശരീരം
ഒരുഗ്ര സ്ഫോടനത്തിൽ
ഒരേ നിറത്തിൽ ചിതറിയതും ,
അഞ്ചു വയസ്സുകാരന്റെ
മണ്ണിടങ്ങളിൽ നിന്നും
കൊടിയ വേനലിൽ പോലും
വാടാത്ത രണ്ട് ഒലീവ് മരങ്ങൾ
ആകാശത്തേക്ക് ചിറകുവിരിച്ചു..





സുനിമോൾ
ബളാൽ

# കുറുംകവിതകൾ

## 1.ഈസ്റ്റർ

സങ്കടങ്ങളും സ്വപ്നങ്ങളുമെല്ലാം
ഒരു മുണ്ടിന്റെ കോന്തലയിൽ
കെട്ടി പച്ചയ്ക്ക് കുഴിച്ചു മൂടി..
മൂന്നാം നാൾ വരെ കാത്തു നിൽക്കാതെ
അവയൊക്കെയും
ഉയിർത്തെഴുന്നേറ്റ് എന്നെ
എറുകണ്ണിട്ട് നോക്കി ചിരിച്ചു.



## 2.നോവ്

ഒരൊറ്റയാളുടെ മരണം,
ചില നേരങ്ങളിൽ വൻ
ദുരന്തമാകുമ്പോൾ
കൂട്ടമരണം
ഒരു മരം മുറിഞ്ഞു വീഴുന്ന
വേദന പോലും ഉണ്ടാക്കാത്തത്
നൊന്ത് നൊന്ത് നോവും മരിച്ചു
പോയതു കൊണ്ടാവാം..

## 3.വേര്

ചേർത്തു നിർത്തിയതും
പിടിച്ചുവച്ചതും
ഒരു മലവെള്ളപ്പാച്ചിലിനൊപ്പം
ഒളിച്ചോടിപ്പോയപ്പോഴാണ്
കടപുഴകി വീണത്.

## 4.പി

കാൽപ്പാടുകളിൽ
കൽപ്പനകളൊളിപ്പിച്ച്
താമരത്തോണിയേറിയ
കവിതാകുബേരൻ
അമരനായിവിട്ടുണ്ട്
പുല്ലിലുംപുഴയിലും ഗിരിശൃംഗനിരയിലും
മലയാളഭാഷ തൻ വാണിയിലും



**സുനിമോൾ ബളാൽ**

## കഥ

# പെരുമഴ

രവിമാഷ്, ബാറിലെ ബഹളങ്ങളിലേക്ക് ഉണരുമ്പോൾ പാലപ്പറമ്പിലേക്കുള്ള അവസാന ബസ്സും നഗരം വിട്ടിരുന്നു . അയാൾ നടക്കാൻ തന്നെ തീരുമാനിച്ചു. റോഡിൽ സിഗ്സാഗ് ലൈൻ വരച്ചുകൊണ്ടുള്ള അയാളുടെ നടത്തത്തിനിടെ ബ്രേക്ക് ചവിട്ടിയ വാഹനങ്ങളിൽ നിന്നും ഉയർന്നുകേട്ട തെറിവാക്കുകൾ മഴക്കൈകളുടെ തപ്പു താളത്തിൽ അലിഞ്ഞില്ലാതായി.മഴയിൽ ആർത്തുല്ലസിച്ച് കുളിക്കാൻ എത്തിയ ഇടിമിന്നലുകളെ കണ്ട് തെരുവ് വിളക്കുകൾ കണ്ണുപൊത്തി. "ആരാ എൻ്റെ ഫ്ഫോണെടുത്തത് ? വേഗം പറഞ്ഞോ.." കുഴഞ്ഞ ശബ്ദത്തിൽ ആരോടെന്നില്ലാതെ പറഞ്ഞു കൊണ്ട് രവി മാഷ് മൊബൈൽ ഫോണിനായി ഷർട്ടിന്റെയും പാന്റ്സിന്റെയും കീശയിൽ മാറിമാറി തപ്പി നോക്കി. ഫോൺ കളഞ്ഞുപോയ നഷ്ടബോധത്തോടെ അയാൾ മിന്നൽ വെളിച്ചത്തിൽ ഗ്രാമപാതയിലേക്ക് തിരിഞ്ഞു. ഒരു ദീർഘശ്വാസമെടുത്ത്കാറ്റ് ശക്തിയായി വീശി .തുവൽക്കനത്തിൽ മുന്നോട്ട് നടക്കുന്ന രവിമാഷിനെ പാലപ്പറമ്പ് കുന്നുകയറ്റാനുള്ള കാറ്റിന്റെ ശ്രമം പാളി. കുന്നിനു താഴെ കീറിമുറിച്ച കരിങ്കൽ ക്വാറിയിലേക്ക് മാഷ് വീണുരുളുന്നത് കാണാൻ കഴിയാതെ കാറ്റ് കുറ്റബോധത്തോടെ മരങ്ങളിൽ തലതല്ലി കരഞ്ഞു..

പിറ്റേന്ന് രാവിലെ വഴിയിലേക്ക് വീണു കിടക്കുന്ന മരത്തിൻ്റെ ശിഖരങ്ങൾ വെട്ടിമാറ്റാനെത്തിയ ഗോവിന്ദനും മകൻ രഘുനന്ദനുമാണ് ക്വാറിയിലെ വെള്ളക്കെട്ടിൽ പൊങ്ങിക്കിടക്കുന്ന രവി മാഷിനെ കണ്ടതും നാട്ടു മുഴുവൻ വാർത്തയായതും.വാട്സാപ്പിലും ഫേസ്ബുക്കിലും രവിമാഷിന് ചുവന്ന റോസാപ്പൂക്കൾ കുമിഞ്ഞു കൂടുമ്പോൾ ,തലേന്നാൾ ലഹരിവിരുദ്ധ ദിനത്തിൽ രവിമാഷ് നടത്തിയ പ്രസംഗമായിരുന്നു കുട്ടികളുടെ മനസ്സിൽ പെരുമഴയായി പെയ്തിറങ്ങിയത്..

**സുനിമോൾ ബളാൽ**



# 2 കവിതകൾ

## ഒന്നിക്കുമ്പോൾ

വെള്ളത്തുള്ളികൾ
ഒന്നായ് ചേർന്നൊരു
തോടായ് മാറുന്നു
തോടുകളെല്ലാം
കൂടിച്ചേർന്നൊരു
പുഴയായി തീരുന്നു
പുഴകൾ നദികൾ
ഒഴുകിപോയൊരു കടലായി ചേരുന്നു
കടലുകളൊന്നായി
വൻ തിരയാർക്കും
സാഗരമാവുന്നു
നമ്മളുമങ്ങനെ ഒന്നിക്കുമ്പോൾ
വലുതായ് തീരുന്നു
മണ്ണിൽ സുന്ദര –
സുരഭിലമാകും
നന്മകൾ നിറയുന്നു!

## കൊതിയൻ കുറുക്കൻ

കുറുക്കുവഴിയേ ഒരിക്കൽ
കുറുക്കനോടി വരുമ്പോൾ
ഇടയ്ക്ക് വെച്ചൊരിടത്തു
"പൊരിച്ച കോഴി " മണത്തു
മണം പിടിച്ച് കുറുക്കൻ
അടുത്തു കണ്ടൊരു വീട്ടിൽ
പടിക്കലെത്തി ഇരുട്ടിൽ
പതുങ്ങി നിൽക്കും നേരം
കുരച്ചു കൊണ്ടൊരു പട്ടി
പുറത്ത് ചാടിയിറങ്ങി
"പൊരിച്ച കോഴി " മറന്ന്
ജീവനും കൊണ്ട്
കുതിച്ചു പാഞ്ഞു കുറുക്കൻ!



അറഫ

നന്ദി..

മഴയിൽ കുതിരാത്ത വാക്കുകളിൽ...

അക്ഷരക്കൂട്ട് ഒരുക്കിത്തന്ന കുട്ടികൾ....

അധ്യാപകർ.....

രക്ഷിതാക്കൾ..

ചിത്രവരപ്പുകാർക്ക്...

ഈ ഡിജിറ്റൽ പകർപ്പ് ഉണ്ടാക്കാനുള്ള

ഔദ്യോഗിക നിലപാടുകൾ ഉണ്ടാക്കിയ

കൈറ്റ്സ് മാനേജ്മെന്റിന്.....

സ്കൂൾ സ്റ്റാഫ് കൗൺസിലിന്...

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് അംഗങ്ങൾക്ക്...

പി.ടി.എ അംഗങ്ങൾക്ക്..

മുഴുവൻ അക്ഷരസ്നേഹികൾക്ക്.....
നന്ദി...
സ്നേഹം..
സ്റ്റാഫ് എഡിറ്റർ
&
സ്റ്റുഡന്റ് എഡിറ്റർ

